# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1477

02/07/2015 - ൽ മറുപടിക്ക്.

## കാസർഗോഡ് വികസന അതോറിറ്റി

| **ചോദ്യം**<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | **ഉത്തരം**<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പിരിച്ചുവിടപ്പെട്ട കാസർഗോഡ് വികസന അതോറിറ്റിയിൽ നിന്ന് എത്രയാളുകൾ വായ്പ എടുത്തിരുന്നു; വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാത്ത എത്ര പേർ ഉണ്ട്; ഈ ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത്; | (എ) | പിരിച്ചുവിടപ്പെട്ട കാസറഗോഡ് വികസന അതോറിറ്റിയിൽ നിന്നും 239 പേർ വായ്പ എടുത്തിരുന്നു. വായ്പ എടുത്തവരിൽ 135 പേർ തിരിച്ചടച്ചിട്ടില്ല. കുടിശ്ശിക വായ്പയുടെ പലിശയിൽ വ്യതിയാനം വരുന്നതിനാൽ കൃത്യമായ കുടിശ്ശിക തുക കണക്കാക്കിയിട്ടില്ല. |
| (ബി) | വായ്പയ്ക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; | (ബി) | വായ്പയ്ക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ചെമ്മനാട്, ചെങ്കള, മൂളിയാർ, മൊഗ്രാൽ-പുത്തൂർ, മധൂർ, കുമ്പള എന്നീ ഗ്രാമപഞ്ചായത്തുകളുടെ കൈവശമാണ് സൂക്ഷിച്ചിട്ടുള്ളത്. |
| (സി) | വായ്പ മുഴുവൻ അടച്ചു തീർത്തവരുടെ പ്രമാണങ്ങൾ തിരിച്ചു നൽകാൻ ബാക്കിയുണ്ടോ; | (സി) | ഇല്ല. |

| | |
|---|---|
| (ഡി) അതോറിറ്റി ഇപ്പോൾ നിലവിലില്ലാത്തതിനാൽ അടച്ച് തീർക്കാനുള്ള വായ്പകൾ എഴുതിത്തള്ളാനോ ഒ.ടി.എസ്. ആനുകൂല്യം നൽകാനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) മതിയായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ടി വായ്പകൾ എഴുതി തള്ളുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നില്ല. മാത്രവുമല്ല ടി വായ്പകൾ ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന ലഭ്യമാക്കിയിട്ടുള്ളതിനാൽ അപ്രകാരമുള്ള ബാധ്യത ഹഡ്കോയിൽ നിലനിൽക്കുകയുമാണ് |

സെക്ഷൻ ഓഫീസർ.